LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ : സർ, മാനേജ്മെന്റ് നിശ്ചയിക്കുന്ന ഫീസിന്റെ പകുതിയാണോ ഉദ്ദേശിക്കുന്നത് ?

ശ്രീ. എ. പി. അനിൽ കുമാർ : സർ, ഗവൺമെന്റ് സ്ഥാപനത്തിലെ ഫീസ് വളരെ പരിമിതമാണ്. ഗവൺമെന്റ് ഫീസ് കൊടുത്തു കഴിഞ്ഞാൽ കുട്ടികൾക്ക് ഒന്നും പര്യാപ്തമാകുകയില്ല. മനേജ്മെന്റ് നിശ്ചയിക്കുന്ന ഫീസിന്റെ പകുതി അല്ലെങ്കിൽ പരമാവധി രണ്ടുലക്ഷം രൂപ ലഭിക്കും.

15. ചെല്ലാനം മിനി ഫിഷിംഗ് ഹാർബർ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഏതാനും വർഷങ്ങൾക്കുമുമ്പ് ആരംഭിച്ച ചെല്ലാനത്തെ ഫിഷിംഗ് ഹാർബറിന്റെ പണി ഇപ്പോൾ സമരം കാരണം മുടങ്ങിക്കിടക്കുകയാണ്. അവിടെ പുലിമുട്ടും അതുപോലെ മറ്റ് സംവിധാനങ്ങളും ഒരുക്കിയതിന്റെ പേരിൽ നൂറുക്കണക്കിന് വള്ളങ്ങൾ അടുക്കുന്നുണ്ട്. ചരക്ക് ഇറക്കിവയ്ക്കുന്ന സ്ഥലം സ്വകാര്യ വ്യക്തികളുടേതാണ്. അതുകൊണ്ടുതന്നെ ആ സ്വകാര്യ വ്യക്തികൾ നാളെ അത് അനുവദിച്ചില്ലെങ്കിൽ അവിടെ ഒരു സ്തംഭനാവസ്ഥ വീണ്ടുമുണ്ടാകും. ലാന്റ് അക്വിസിഷനുവേണ്ടിയുള്ള 4(1) നോട്ടിഫിക്കേഷൻ കഴിഞ്ഞിരിക്കുന്നു. പക്ഷേ, പണം അനുവദിച്ചിട്ടില്ല. റോഡ് നിർമ്മിക്കണമെന്നുണ്ടെങ്കിൽ 9 വീട്ടുകാരെ മാറ്റിപാർപ്പിക്കേണ്ടിയിരിക്കുന്നു. 9 വീട്ടുകാരെ മാറ്റി പാർപ്പിക്കണമെങ്കിലും അതിന് പണം കണ്ടെത്തണം. ഏകദേശം പത്തുകോടിയോളം രൂപ ഇതിന് വേണ്ടിവരും. അതുപോലെ അതിന്റെ സെക്കന്റ് ഫേസ് ടെണ്ടർ നടന്നുവെന്ന് അറിയാൻ കഴിഞ്ഞു. പക്ഷേ, അതിന്റെ പണിയും ആരംഭിച്ചിട്ടില്ല. അതുകൊണ്ട് അടിയന്തരമായി ഒരു ഉന്നതതലയോഗം വിളിച്ചുകൂട്ടി ഈ പ്രശ്നം ചർച്ച ചെയ്യാനും വീട്ടുകാരെ മാറ്റിപാർപ്പിക്കുവാനും ലാന്റ് അക്വിസിഷന് പണം കണ്ടെത്താനും സർക്കാർ ശ്രമിക്കണമെന്നും ഞാൻ ആവശ്യപ്പെടുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, നബാർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനത്തിനുവേണ്ടി ഭരണാനുമതി ലഭിച്ച 29 കോടി 90 ലക്ഷം രൂപയുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയിലെ തെക്കെ പുലിമുട്ട് 570 മീറ്ററും വടക്കേ പുലിമുട്ട് 150 മീറ്ററും പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിലെ മറ്റ് ഘടകങ്ങളായ വാർഫ്, ലേല ഹാൾ, അപ്രോച്ച് റോഡ്, ഇന്റേണൽ റോഡ്, ഓട എന്നിവ നടപ്പിലാക്കുന്നതിനായി 171.3 ആർ സ്ഥലമെടുക്കുന്നതിന് അനുമതി നൽകിയതുപ്രകാരം റവന്യൂ വകുപ്പിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്ന നടപടി താലൂക്ക് സർവ്വേയറുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. രണ്ടാംഘട്ടമായി വീട് സ്ഥിതിചെയ്യുന്ന വസ്തുക്കൾ ഏറ്റെടുക്കുന്ന നടപടി ത്വരിതപ്പെടുത്താനും തീരുമാനിച്ചു. ഹാർബറിലേക്ക് പോകുന്ന 4 മീറ്റർ വീതിയുള്ള വഴിയിലെ തെക്കുഭാഗത്തു താമസിക്കുന്നവരെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ മാറ്റി പാർപ്പിക്കുകയും തെക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന മൂന്ന് മീറ്റർ വീതിയുള്ള ഫുട്പാത്ത് 8.50 മീറ്റർ വീതിയിൽ റോഡ് നിർമ്മാണം നടത്തുവാനുമാണ് 17-5-2013-ൽ ജില്ലാ കളക്ടർ ക്യാമ്പ് ഓഫീസിൽ ചേർന്ന യോഗത്തിൽവച്ച് തീരുമാനമെടുത്തത്. അതുപ്രകാരം 130.23 ആർ സ്ഥലമാണ് ഏറ്റെടുക്കേണ്ടത്. ഇതനുസരിച്ച് പുതുക്കിയ പ്രൊപ്പോസൽ ഹൈ ലെവൽ കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും 5-9-2013-ൽ ഹൈലെവൽ കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. 130.23 ആർ സ്ഥലം നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിലേക്കായി പത്തു കോടി രൂപ ആവശ്യമായി വരുമെന്ന് കൊച്ചി തഹസീൽദാർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈ തുറമുഖത്തിന്റെ അനുബന്ധ ഘടകങ്ങൾ നടപ്പിലാക്കുന്നതിനും ആയതിലേക്ക് കുടിയൊഴിപ്പിക്കപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിനുമായി നെഗോഷ്യബിൾ പർച്ചേസ് പ്രകാരം പത്തു കോടി രൂപ ചെലവിൽ 130.2 ആർ സ്ഥലം ഏറ്റെടുക്കുന്ന പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ അടിയന്തരയോഗം വിളിക്കുന്നതാണ്.

16. സർക്കാരിതര ഖാദി ജീവനക്കാർക്ക് പെൻഷൻ

ശ്രീ. കെ. മുരളീധരൻ : സർ, സർക്കാരിതര ഖാദി സ്ഥാപനങ്ങളിൽനിന്നും വിരമിച്ച ജീവനക്കാർക്ക് പ്രതിമാസം 2000 രൂപവീതം പെൻഷൻ അനുവദിക്കണമെന്ന് ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റിയുടെ ശിപാർശ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുകയാണ്. പ്രസ്തുത കമ്മിറ്റി 6-3-2012-ൽ നൽകിയ റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് 2013-14 വർഷം മുതൽ 29 കോടിയോളം രൂപ വിവിധ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി ലഭ്യമാക്കിയെങ്കിലും വിരമിച്ചവർക്കുള്ള പെൻഷൻ പദ്ധതിമാത്രം ഇതുവരേയും പ്രാവർത്തികമാക്കിയിട്ടില്ല. ഇതുനിമിത്തം രാജ്യസേവനാർത്ഥം ജീവിതം സമർപ്പിച്ച അറുന്നൂറോളം മുൻകാല ഖാദി പ്രവർത്തകർ തീർത്തും അവശത അനുഭവിക്കുകയാണ്. സ്വാതന്ത്ര്യ സമരപ്രസ്ഥാനത്തിന്റെ ഭാഗമായാണ് നമ്മുടെ മുൻതലമുറയിൽപ്പെട്ടവർ ഖാദിപ്രവർത്തനങ്ങളിൽ പങ്കാളികളായത് എന്ന് നമുക്കെല്ലാവർക്കും അറിയാം. ഗാന്ധി സ്മാരകനിധി, സർവ്വോദയ സംഘങ്ങൾ, ഖാദി ആന്റ് വില്ലേജ്